**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 69** **27-06-2022 - ൽ മറുപടിയ്ക്ക്**

**ഉക്രൈനിലെ വിദ്യാർത്ഥികളുടെ തുടർ പഠനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | യുദ്ധവും മറ്റ് പ്രതിസന്ധികളും കാരണം മടങ്ങിയെത്തിയ ഉക്രൈനിലെ വിദ്യാർത്ഥികളുടെ തുടർ പഠനത്തിനായി സംസ്ഥാന സർക്കാർ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | യുക്രൈൻ യുദ്ധ പ്രതിസന്ധിയിൽ തിരികെയെത്തിയ വിദ്യാർത്ഥികളുടെ വിവിധ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി സംസ്ഥാന സർക്കാർ സാധ്യമായ എല്ലാ നടപടികളും സ്വീകരിച്ചുവരുന്നുണ്ട്. മടങ്ങിവന്ന വിദ്യാർത്ഥികളുടെ പ്രശ്നങ്ങൾ നേരിട്ട് മനസ്സിലാക്കുന്നതിനും, അവരെ സർക്കാരിന്റെ പിന്തുണ അറിയിക്കുന്നതിനുമായി വിദ്യാർത്ഥികളുടെയും, രക്ഷിതാക്കളുടെയും യോഗം സർക്കാർ വിളിച്ച് ചേർക്കുകയുണ്ടായി. വിദ്യാർത്ഥികളുടെ ആശങ്കകൾക്ക് പരിഹാരം കാണുന്നതിനാവശ്യമായ തുടർ നടപടികൾ ചർച്ച ചെയ്യുന്നതിനായി വിവിധ വകുപ്പുകളെ പങ്കെടുപ്പിച്ചുകൊണ്ട് ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ ഈ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനുള്ള നോഡൽ ഏജൻസിയായി കേരളീയ പ്രവാസികാര്യവകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. മേൽ പ്രവർത്തനങ്ങളുടെ തുടർ നടപടികൾക്കായി സെന്റർ ഫോർ മാനേജ്മെന്റ് സ്റ്റഡീസിന്റെ(CMD) സഹായത്തോടെ നോർക്ക റൂട്ട്സിൽ ഇൻഫർമേഷൻ ഫെസിലിറ്റേഷൻ ആൻഡ് ഗ്രിവൻസ് റീഡ്രസ്സൽ സെൽ (IFGRC ) പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.<br><br>മടങ്ങിയെത്തിയ വിദ്യാർത്ഥികളുടെ തുടർപഠനം,നഷ്ടപ്പെട്ട വിദ്യാഭ്യാസ രേഖകൾ ഉൾപ്പെടെയുള്ള രേഖകൾ ലഭ്യമാക്കുക,വിദ്യാഭ്യാസ വായ്പ തിരിച്ചടവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ എന്നിവയ്ക്ക് പരിഹാരം കാണുന്നതിന് സംസ്ഥാന സർക്കാരിന് മാത്രമായി പ്രത്യേക തീരുമാനങ്ങളെടുക്കാൻ കഴിയുന്നതല്ല. ഈ |

| | | | |
|---|---|---|---|
| | | | വിഷയത്തിൽ കേന്ദ്ര സർക്കാരിന്റെ പ്രത്യേക ഇടപെടൽ ആവശ്യമാകായാൽ,കേന്ദ്ര വിദേശകാര്യ മന്ത്രാലയം,കേന്ദ്ര മാനവ വിഭവശേഷി മന്ത്രാലയം എന്നീ വകുപ്പുകളോടും ഇന്ത്യൻ ബാങ്ക്സ് അസോസ്സിയേഷൻ,ദേശീയ മെഡിക്കൽ കമ്മീഷൻ എന്നിവയോടും പ്രശ്നപരിഹാരത്തിനാശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കുവാൻ സംസ്ഥാന സർക്കാർ അഭ്യർത്ഥിച്ചിട്ടുണ്ട്. |
| (ബി) | ഉക്രൈനിൽ നിന്നും വിദ്യാർത്ഥികളെ തിരികെയെത്തിക്കാൻ എത്ര തുകയാണ് സംസ്ഥാന സർക്കാർ ചെലവിട്ടത്; ഇതിനായി കേന്ദ്രത്തിൽ നിന്നും എന്തെങ്കിലും സഹായം ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ബി) | ഉക്രൈനിൽ നിന്നും വിദ്യാർത്ഥികളെ തിരികെയെത്തിക്കാനായി ₹.5,18,80,781/-രൂപ ( അഞ്ച് കോടി പതിനെട്ട് ലക്ഷത്തി എൺപതിനായിരത്തി എഴുന്നൂറ്റി എൺപത്തൊന്ന് രൂപ മാത്രം ) സംസ്ഥാന സർക്കാർ ചെലവഴിച്ചിട്ടുണ്ട്. ഇതിനായി കേന്ദ്രസർക്കാരിൽ നിന്നും സഹായം ലഭ്യമായിട്ടില്ല. |

സെക്ഷൻ ഓഫീസർ